മലയാള മനോരമ
സംസ്ഥാന സ്കൂൾ കലോത്സവം 2017
കുണ്ടോത്തം
കണ്ണൂർ മെട്രോ
2017 ജനുവരി 18 ബുധൻ

സംസ്ഥാന സ്കൂൾ കലോത്സവത്തിൽ എച്ച്എസ് വിഭാഗം മോഹിനിയാട്ടത്തിൽ എ ഗ്രേഡ് നേടിയ നീലേശ്വരം രാജാസ് എച്ച്എസ്എസിലെ മീനാക്ഷി നമ്പ്യാർ

സംസ്ഥാന സ്കൂൾ കലോത്സവത്തിൽ എച്ച്എസ് വിഭാഗം മോഹിനിയാട്ടത്തിൽ എ ഗ്രേഡ് നേടിയ കണ്ണൂർ എടൂർ സെന്റ് മേരീസ് എച്ച്എസ്എസിലെ അസിക സജീവൻ

സംസ്ഥാന സ്കൂൾ കലോത്സവത്തിൽ എച്ച്എസ് വിഭാഗം മോഹിനിയാട്ടത്തിൽ എ ഗ്രേഡ് നേടിയ നീലേശ്വരം ലിറ്റിൽ ഫ്ലവർ എച്ച്എസ്എസിലെ എ.എസ്. അനഘ

സംസ്ഥാന സ്കൂൾ കലോത്സവത്തിൽ എച്ച്എസ് വിഭാഗം മോഹിനിയാട്ടത്തിൽ എ ഗ്രേഡ് നേടിയ കാസർകോട് ചട്ടഞ്ചാൽ എച്ച്എസ്എസിലെ അനശ്വര പ്രമീള മാധവൻ

സംസ്ഥാന സ്കൂൾ കലോത്സവത്തിൽ എച്ച്എസ് വിഭാഗം മോഹിനിയാട്ടത്തിൽ എ ഗ്രേഡ് നേടിയ കാസർകോട് ലിറ്റിൽ ഫ്ളവർ എച്ച്എസ്എസിലെ ഐശ്വര്യ അരവിന്ദ്

സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ഹയർസെക്കൻഡറി വിഭാഗം ചവിട്ടുനാടകത്തിൽ ഒന്നാം സ്ഥാനം നേടിയ കണ്ണൂർ സെന്റ് തെരേസാസ് എഐഎച്ച്എസ്എസ് ടീം

ചോന്ന മണ്ണ് ചവിട്ടിയെത്തുന്നു വീരവിജയ നാടകം

"എങ്കും പുകഴ്ചിറൈ
പൊങ്കും പ്രാംസൈനകരിൽ
തുങ്കനായ് വാഴ്കിതൈ
തങ്കമുടിയരശൻ,
ആണ്ടോനരുൾപ്പടിക്ക്
മണ്ടല മീതിലെങ്കും
കുണ്ടണി വീരർകളെ
തുണ്ടായ് തുരത്തീടുവേൻ.."

രക്സാക്ഷികളുടെ ഈ മണ്ണിൽ ഈ കഥയല്ലാതെ മറ്റെന്താണു പറയേണ്ടത്? സത്യത്തിനും ധർമത്തിനും വേണ്ടി ധീരരക്തസാക്ഷിത്വം വരിച്ച സത്യപാലൻ വിശുദ്ധ ഗീവറുഗീസിന്റെ കഥ പറഞ്ഞ കണ്ണൂർ സെന്റ് തേരേസാസ് ആംഗ്ലോ ഇന്ത്യൻ ഹയർ സെക്കൻഡറി സ്കൂളിലെ പെൺകുട്ടികൾക്കു തന്നെ ഒന്നാം സമ്മാനം. കണ്ണൂരിന്റെ ഈ അഭിമാനനേട്ടത്തിന് ഏറെ തിളക്കമേറും. കലോത്സവ ചരിത്രത്തിൽ ആദ്യമായാണു കണ്ണൂരിന്റെ ചുവന്ന മണ്ണിലേക്ക് ചവിട്ടുനാടകത്തിനുള്ള ഒന്നാം സമ്മാനമെത്തുന്നത്.

കഴിഞ്ഞ വർഷം തിരുവനന്തപുരത്തു സംസ്ഥാന കലോത്സവത്തിൽ ഇതേ വിദ്യാലയം ഇതേയിനത്തിൽ രണ്ടാം സ്ഥാനം നേടിയിരുന്നു. ഫറവോ രാജാവിന്റെ സൈന്യത്തിൽ ചേരാനെത്തുന്ന വറുഗീസിനെ രാജാവ് കായിക പരീക്ഷണത്തിന് അയക്കുന്നതും ഓരോ പോരാട്ടങ്ങളിലും പൊരുതി വിജയിക്കുന്ന വറുഗീസിനെ സർവ സൈന്യാധിപനാക്കുന്നതുമായിരുന്നു മികവേറിയ പയറ്റുവിദ്യകളും താളബോധത്തോടെയുള്ള അവതരണവുമാണ് സെന്റ് തേരേസാസിനു വിജയം സമ്മാനിച്ചത്.

അഭിനയത്തിലും ഓരോ കുട്ടിയും മികവു പുലർത്തി. ചവിട്ടിയാൽ ചെണ്ടപ്പുറത്തെന്ന പോലെ ശബ്ദമുണ്ടാക്കുന്ന തരത്തിലായിരുന്നു കുട്ടികളുടെ അവതരണമെന്ന് നാടകം കാണാനെത്തിയവർ അഭിപ്രായപ്പെട്ടു. രാജാവും പരിവാരങ്ങളും ചേർന്നുള്ള നൃത്തച്ചുവടുകളും ഗാനരൂപത്തിലുള്ള സംഭാഷണങ്ങളും സദസ്സിൽ കൈയടി ഉയർത്തി.

പ്രമുഖ ചവിട്ടുനാടക കലാകാരനായ തമ്പി പയ്യപ്പിള്ളിയാണു ടീമിനെ പരിശീലിപ്പിച്ചത്. ഏറെ കഥാപാത്രങ്ങളുള്ളതാണു വിശുദ്ധ ഗീവറുഗീസ്. ആര്യ വിനോദ് ഗീവറുഗീസിനേയും രാധിക രഞ്ജിത് രാജാവിനെയും അവതരിപ്പിച്ചു. കെ. ആതിര, എൻ.സി. കീർത്തി, ഐശ്വര്യ ഫൽഗുനൻ, അഞ്ജു തോമസ്, വിശ്വവേദ, കെ.ആഷ്ന, സി.ജെ. ആതിര എന്നിവരായിരുന്നു ടീം അംഗങ്ങൾ. ചിട്ടയായ പരിശീലനമാണ് വിജയത്തിനു പിന്നിലെന്നു പ്രിൻസിപ്പൽ സി. ബെറ്റി ജോസഫ് പറഞ്ഞു.

തിങ്കൾ രാത്രി എട്ടിനു തുടങ്ങിയ മത്സരം ചൊവ്വ പുലർച്ചെ ആറരയോടെയാണ് അവസാനിച്ചത്. അവസാന നാടകത്തിന് തിരശ്ശീല വീഴും വരെയും സദസ്സിൽ കാണികളേറെ. പാലക്കാട് ആലത്തൂർ ബിഎസ്എസ് ഗുരുകുലം ഹയർ സെക്കൻഡറി സ്കൂൾ രണ്ടാമതും എറണാകുളം ഗോതുരുത്ത് സെന്റ് സെബാസ്റ്റ്യൻസ് എച്ച്എസ്എസ് മൂന്നാമതുമെത്തി.

ചുവടുറയ്ക്കട്ടെ; ആരോഗ്യത്തിന്റെ ചുവടു തെറ്റാതെ

കണ്ണൂർ ● നൃത്തം മികച്ചതാകാൻ കഠിന പരിശീലനത്തിനു പുറമെ കടുത്ത പട്ടിണിയും മക്കൾക്കു വിധിച്ച് രക്ഷിതാക്കൾ. പലരും നൃത്തം കഴിയുമ്പോഴേക്കും കുഴഞ്ഞ് അവശരാകും. കഴിഞ്ഞ ദിവസം കുച്ചിപ്പുഡി വേദിയിൽ ചില വിദ്യാർഥികളെ മത്സരശേഷം സംഘാടകർക്ക് എടുത്തു പുറത്തെത്തിക്കേണ്ടി വന്നു. ഭക്ഷണം കഴിച്ചാൽ വേദിയിൽ ചാടാനും നൃത്തംചെയ്യാനും പ്രയാസമാകുമെന്നാണ് ഒരു അമ്മയുടെ വിശദീകരണം.

നൃത്തം ചെയ്യാനെത്തുന്ന പല കുട്ടികളുടെയും ഭക്ഷണക്രമം:

രാവിലെ
ഒരു ദോശ ഒരു ഇഡലി, വെള്ളം ആവശ്യത്തിനു മാത്രം.

ഉച്ചയ്ക്ക്:
ചോറില്ല. നെല്ലിക്കയുടെയും മറ്റും ജ്യൂസ് മാത്രം.

മത്സരം കഴിയുന്നതുവരെ റേഷൻ അടിസ്ഥാനത്തിൽ നാവു നനയ്ക്കാൻ മാത്രമുള്ള വെള്ളം. മറ്റൊരു ഭക്ഷണവും നൽകില്ല. ഈ ഭക്ഷണ നിയന്ത്രണം ഏതെങ്കിലും ഡയറ്റീഷ്യന്റെ നിർദേശപ്രകാരമല്ല, സ്വയം സൃഷ്ടിക്കുന്നതാണെന്ന് അമ്മമാർ പറയുന്നു.

കലയും കലോറിയും വേണം

ഡോ. ബാലകൃഷ്ണൻ വള്ളിയോട്ട്
(പരിയാരം മെഡിക്കൽ കോളജിലെ ജീവിതശൈലീരോഗ വിഭാഗം മേധാവിയും മെഡിസിൻ വിഭാഗം പ്രഫസറും)

കലോത്സവത്തിലെ നൃത്ത ഇനങ്ങളിൽ പങ്കെടുക്കുന്നവർക്ക് ഓരോ ഇനത്തിലും വ്യത്യസ്തമായ കലോറി ഊർജം ആവശ്യമാണ്. ചവിട്ടുനാടകം, കുച്ചിപ്പുഡി, ഭരതനാട്യം, നാടോടിനൃത്തം, വട്ടപ്പാട്ട്, പരിചമുട്ട് തുടങ്ങിയവയ്ക്കൊക്കെ വലിയ അളവിൽ ഊർജം വേണം. നന്നായി ജോലിചെയ്യുന്ന ഒരാൾക്കു വേണ്ട ഊർജമാണ് പത്തു മിനിറ്റ് ഈ ഇനങ്ങളിലൊക്കെ മൽസരിക്കുന്നവർക്കു വേണ്ടത്.

എന്നാൽ, വയറുനിറയെ ഭക്ഷണം കഴിച്ചശേഷം നൃത്തം ചെയ്യാനും പ്രയാസമാണ്. കൃത്യമായ ഡയറ്റ് പ്ലാൻ ഓരോ ഇനത്തിലും മൽസരിക്കുന്നവർക്ക് പ്രത്യേകം തയാറാക്കണം. ഓരോ മൽസരത്തിനും പരിശീലനം ആരംഭിക്കുമ്പോൾ തന്നെ നല്ലൊരു ഡയറ്റീഷ്യനെ കണ്ട് അവശ്യമായ ഭക്ഷണക്രമം തയാറാക്കുന്നതു കലോത്സവം കഴിയുമ്പോഴും കുട്ടിയുടെ ആരോഗ്യസുരക്ഷയ്ക്ക് ഉപകരിക്കും. ഭക്ഷണം തീരെ ഒഴിവാക്കുന്നതു കലോത്സവ വേദിയിൽ ചിലപ്പോൾ സഹായിച്ചേക്കുമെങ്കിലും കുട്ടിയുടെ ആരോഗ്യത്തെ ബാധിക്കും.

സംഘാടകരും ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതുണ്ട്. വളരെ ഊർജം ആവശ്യമായ ഇത്തരം മത്സരങ്ങൾക്കു സമയക്രമം നിശ്ചയിക്കുമ്പോൾ ആ സമയത്തിനുള്ളിൽത്തന്നെ മത്സരം നടത്തിത്തീർക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ഭക്ഷണ നിയന്ത്രണമുള്ള കുട്ടികൾ അധികനേരം കാത്തിരിക്കുന്നത് അവരിൽ തളർച്ചയുണ്ടാക്കുകയും പ്രകടനം മോശമാക്കുകയും ചെയ്യും.

ഏകാന്തത

കഥ

ദൈവം ഭൂമിയെ സൃഷ്ടിച്ചപ്പോൾ ഒന്നിനും ഏകാന്തത വരാതിരിക്കുവാൻ ഇണയെ നൽകി. എന്നിട്ടും മനുഷ്യൻ മാത്രം ഏകാന്തതയെ സ്നേഹിച്ചു. ഭൂമിയിലെ ഏറ്റവും മനോഹരവും അമിതമായാൽ അതിഭയാനകവുമായ ഏകാന്തതയെ. അതൊക്കെക്കൊണ്ടു തന്നെയാണ് നിയയും ഏകാന്തതയെ സ്നേഹിച്ചത്. എങ്കിലും തനിച്ചിരിക്കുമ്പോൾ നാം പ്രകൃതിയോടൊത്തായിരിക്കും. അതിന്റെ സ്പന്ദനങ്ങളും തുടിപ്പുകളും നമ്മുടേതാകും. നമ്മുടെ വേദനകൾ അതിന്റേതാകും. സ്വന്തം ഉള്ളിലേക്കു നോക്കുന്നതിന്, സ്വയം കാണുന്നതിന്, വിലയിരുത്തുന്നതിന് ഏകാന്തത നമ്മെ സഹായിക്കുന്നു. തനിച്ചാകുമ്പോൾ ഞാനും മാത്രമാകുന്നു.

ഞാനും പ്രകൃതിയും മാത്രമായിരിക്കുമ്പോൾ, മനോഹരമായ ആ ലയനത്തിൽ നിന്നത്രെ മനുഷ്യന്റെ ഉള്ളിലെ ഉറവകൾ പൊട്ടിപ്പുറപ്പെടുന്നത്. ആ ഉറവകളാണ് സർവതിനെയും നട്ടുനനയ്ക്കുന്നത്. ആ ഉറവജലത്തിൽ കലരുന്ന സ്നേഹമാണ് ഇന്നും നാം കാണുന്ന ലോകത്തെ പണിതത്. മൊട്ടുകൾ കൊഴിയാതെ പൂക്കൾ വാടാതെ നിർത്തുന്നത്. മനോഹരമായ വസന്തകാലത്തെ ഹൃദ്യമാക്കുന്നത്. മഴയുടെ നനവിനെ പുതുമണ്ണിന്റെ മണമാക്കുന്നത്.

മനുഷ്യനോടൊപ്പം പ്രകൃതിയും ഏകാന്തതയും ചേരുന്നു. ആ ലയനത്തിൽ ഉരുകിത്തീരുമ്പോഴാണ് നാം അനന്തമായ ആത്മീയ ആനന്ദത്തിന്റെ പാരമ്യത്തിലെത്തുന്നത്.

സഹനങ്ങൾ പുഷ്പങ്ങളും വേദനകൾ റോസാപുഷ്പങ്ങളുമാകുന്നു. ജീവിതം ധന്യമാണെന്നും ശ്രേഷ്ഠമാണെന്നും തോന്നണമെങ്കിൽ ചുറ്റുമുള്ളതിനെ അതേ കണ്ണുകൊണ്ട് കാണുകയും സ്നേഹിക്കുകയും വേണം. ആ സത്യത്തെ ഉൾക്കൊണ്ടപ്പോൾ നിയ ഏകാന്തതയെ വളരെയധികം സ്നേഹിച്ചു. ഒരു മഴത്തുള്ളിപോലെ, വെയിൽനാളം പോലെ, അപ്പൂപ്പൻതാടി പോലെ ലളിതമായി തന്നിലെ തന്നെ കണ്ടെത്തി.

പ്രകൃതിയോട് ഒന്നുചേരാനുള്ള അടങ്ങാത്ത ദാഹം ഓരോ മനുഷ്യനിലും ഉണ്ടാകുമ്പോൾ അവനിലെ ദുഃഖങ്ങൾ മഞ്ഞുകണം പോലെ ഉരുകിത്തീർന്ന് ആത്മീയാനന്ദത്തിന്റെ വറ്റാത്ത തടാകമായി പരിണമിക്കുന്നു.

ഡോണ സെബാസ്റ്റ്യൻ
സെന്റ് ആഗ്നസ് ജിഎച്ച്എസ് മുട്ടുച്ചിറ.

വര

ജിക്കി പി. സാമുവൽ
(ഗവ.എച്ച്എസ് പൂയപ്പള്ളി, കൊല്ലം)